**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6246** **10-07-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള ദീർഘകാല പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സമർപ്പിച്ചിട്ടുണ്ട്.<br><br>മനുഷ്യ-വന്യജിവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ സംവിധാനങ്ങളുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യ വികസനം, നഷ്ടപരിഹാര വിതരണം, ആവാസ വ്യവസ്ഥയുടെ പരിപോഷണം, പൊതുജനങ്ങൾക്കുള്ള ബോധവത്കരണം, ശാസ്ത്രീയപഠനം തുടങ്ങിയ ഇനങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.<br><br>എന്നാൽ സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്ന് ബഹു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രിയുടെ മറുപടി ലഭിക്കുകയുണ്ടായി. തുടർന്ന് വീണ്ടും 07/02/2024ൽ കേരള വനം, റവന്യൂ വകുപ്പ് മന്ത്രിമാർ നേരിട്ട് ടി പദ്ധതി കേന്ദ്ര വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചു. പിന്നീട് കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിൽ ചെലവ് വഹിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി (Centrally Sponsored Scheme) ആയി IDWH എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ടി പദ്ധതി അംഗീകരിക്കുന്നതിനുള്ള ശിപാർശ 01/04/2024-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയത് അംഗീകരിച്ച് ലഭ്യമായിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി | (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുകയോ ഫണ്ട് വകയിരുത്തു-കയോ ചെയ്തിട്ടില്ല. എന്നാൽ വന്യമൃഗ സംഘർഷബാ- |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | ധിത പ്രദേശങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ നബാർഡ് പോലുള്ള മറ്റു പദ്ധതികളി-ലുൾപ്പെടുത്തി നടത്തി വരുന്നു . |

സെക്ഷൻ ഓഫീസർ